File No.LBHD-H1/24/2015-LBHD

KS&CEWWFB
CEO
FO
EDIHQ
SUPT

2194/18
07/12/18

07 DEC 2018
Thiruvananthapuram

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ്-കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് 01/04/2017 മുതൽ മുൻകാല പ്രാബല്യത്തോടെ പെൻഷൻ നൽകുന്നതിന് അനുമതി നൽകിയ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

സ.ഉ.(കൈ) നം.72/2018/തൊഴില് തീയതി,തിരുവനന്തപുരം, 04/12/2018

---

പരാമർശം:- 1)02.08.2018-ലെ സ.ഉ(കൈ)49/2018/തൊഴിൽ നമ്പർ ഉത്തരവ്.

2)03.08.18-ലെ സ.ഉ(കൈ )51/2018/തൊഴിൽ നമ്പർ ഉത്തരവ്.

## ഉത്തരവ്

2007-ൽ രൂപീകരിച്ച കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗ തൊഴിലാളികൾക്ക് 01/04/2017 മുതൽ പെൻഷൻ നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം പരാമർശം (1) -ലെ ഉത്തരവിലെ മൂന്നാം ഖണ്ഡികയിലെ "വർദ്ധിപ്പിക്കുന്നതിനാവശ്യമായ" എന്ന വാക്കിന് പകരം "വിതരണം ചെയ്യുന്നതിനാവശ്യമായ" എന്ന വാക്കുകൾ ചേർത്ത് ഭേദഗതി വരുത്തിയിരുന്നു. തുടർന്ന് പെൻഷൻ വിതരണം സംബന്ധിച്ച വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പെൻഷൻ വിതരണത്തിനു വേണ്ടി മാത്രം 134 കോടി രൂപയുടെ ഒരു സ്ഥിര നിക്ഷേപം നീക്കിവയ്ക്കേണ്ടതാണ്. ആയത് പെൻഷൻ ഫണ്ടായി കണക്കാക്കേണ്ടതുമാണ്.
2. പെൻഷൻ വിതരണത്തിനുള്ള തുകയ്ക്ക് വേണ്ടി ഒരു TSB അക്കൗണ്ട് തുറക്കേണ്ടതും, പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുന്ന പലിശ ഈ അക്കൗണ്ടിലേക്ക് വക മാറ്റേണ്ടതുമാകുന്നു.
3. സ്ഥിര നിക്ഷേപത്തിൽ നിന്നും ലഭിക്കുന്ന പലിശ മാത്രമേ പെൻഷൻ വിതരണത്തിന് ഉപയോഗിക്കാൻ പാടുള്ളു.
4. പലിശയിനത്തിൽ ലഭിക്കുന്ന തുക വകമാറ്റി ചിലവഴിക്കാൻ പാടുള്ളതല്ല.
5. സ്ഥിര നിക്ഷേപത്തിൽ നിന്നും ലഭിക്കുന്ന പലിശകൊണ്ട് പെൻഷൻ വിതരണത്തിനു

പര്യാപ്തമാക്കത്തക്ക വിധം സ്ഥിര നിക്ഷേപത്തുക ഓരോ വർഷവും വർദ്ധിപ്പിക്കേണ്ടതാണ്.

6. ബോർഡിന്റെ സ്വന്തം ഫണ്ടിൽ നിന്നു മാത്രം പെൻഷൻ വിതരണത്തിനുള്ള തുക കണ്ടെത്തേണ്ടതും, പെൻഷനുമായി ബന്ധപ്പെട്ട യാതൊരു ബാദ്ധ്യതയും സർക്കാർ വഹിക്കുന്നതല്ല.

7. ബോർഡിൽ നിന്നും പെൻഷൻ സ്വീകരിക്കുന്നതിന് ആധാർ നിർബന്ധമാക്കേണ്ടതാണ്.

മേൽ പരാമർശ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ലാല്
അഡീഷണല് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (2/07/2018–ലെ ............/2018/fin നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്
സംഭരണ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് ;
ബഹു .തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പി എസ്സിന്